പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

16.3.2015-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1729

# നഗര ജലസ്രോതസ്സുകളുടെ മലിനീകരണം

**ചോദ്യം**

ശ്രീ.പി.കെ.ബഷീർ
" കെ.എൻ.എ.ഖാദർ
" പി.ബി.അബ്ദുൾ റസാക്
" അബ്ദുറഹിമാൻ രണ്ടത്താണി

(എ) നഗരപ്രദേശങ്ങളിലെ ജലാശയങ്ങളിലും തോടുകളിലും, നദികളിലും മാംസാവശിഷ്ടം ഉൾപ്പെടെയുള്ള മാലിന്യം നിക്ഷേപിക്കുന്ന കരാർ സംഘങ്ങൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാലിന്യം വലിച്ചെറിയാനുള്ളതല്ലെന്ന അവബോധം നഗരവാസികളിൽ ഉണ്ടാക്കിയെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) ഉറവിട മാലിന്യസംസ്കരണ സാഹചര്യമില്ലാത്ത നഗരവാസികളിൽ നിന്നു മാലിന്യം ശേഖരിക്കാനും, പരിസരമലിനീകരണമില്ലാതെ സംസ്കരിക്കാനും കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള നഗരസഭകളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി)

(എ) മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ വാഹനം പിടിച്ചെടുത്ത് പോലീസിന് കൈമാറുകയും കേരള മുനിസിപ്പൽ ആക്ട് 340 A & 340 B എന്നീ വകുപ്പുകൾ പ്രകാരം പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മാലിന്യം വലിച്ചെറിയാനുള്ളതല്ലെന്ന അവബോധം ജനങ്ങളിൽ ഉണ്ടാക്കിയെടുക്കാൻ വേണ്ടി സർക്കാർ ശുചിത്വമിഷൻ മുഖേന നിരവധി ശില്പശാലകളും പരിശീലനപരിപാടികളും പ്രചരണപരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട പുസ്തകങ്ങളും ബ്രോഷറുകളും നോട്ടീസുകളും ബുക്ക്ലെറ്റുകളും പ്രസിദ്ധീകരിച്ച് പൊതുജനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ശുചിത്വമിഷനുകൾ വഴി അനേകം തെരുവുനാടകം, മാജിക് ഷോ എന്നിവ ഉൾപ്പെടുത്തി ബോധവൽകരണ പരിപാടികളും നടത്തിയിട്ടുണ്ട്.

(സി) ശേഖരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ